പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 325

# 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 325

**2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്)**

**ബിൽ**

1394/2014.

# 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ

കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ, യാത്രക്കാർക്ക് വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷയ്ക്കും മെച്ചപ്പെട്ട വ്യക്തിപര സൗകര്യങ്ങൾക്കും കോർപ്പറേഷന്റെ സേവനത്തിൽ നിന്നു വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് സാമൂഹ്യ സുരക്ഷാ നടപടികൾക്കും, യാത്രാടിക്കറ്റിൻമേൽ സെസ്സ് ചുമത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടത്തുന്ന സ്റ്റേജ് ക്യാരേജ് ബസ്സുകളിലെ യാത്രക്കാർക്ക് വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും യാത്രക്കാർക്ക് വ്യക്തിപര സൗകര്യങ്ങളും കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് കൂടി സാമൂഹ്യ സുരക്ഷാ നടപടികൾ വ്യാപിപ്പിക്കുന്നതും ആവശ്യവും യുക്തവും ആയിരിക്കുമെന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2014 ഒക്ടോബർ 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

1394/2014.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കോർപ്പറേഷൻ" എന്നാൽ 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്റ്റിന്റെ (1950-ലെ 64-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ബി) "നിധി" എന്നാൽ 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്റ്റിന്റെ (1950-ലെ 64-ാം കേന്ദ്ര ആക്റ്റ്) 27-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിധി എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "യാത്രക്കാരൻ" എന്നാൽ കോർപ്പറേഷൻ നടത്തുന്ന ഒരു സ്റ്റേജ് ക്യാരേജ് ബസ്സിൽ ഒരു യാത്രാ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും അതിൽ ഒരു കുട്ടിയും ടിക്കറ്റ് ചാർജ്ജ് നിരക്കിൽ ഇളവിന് അർഹരായ മറ്റേതൊരാളും ഉൾപ്പെടുന്നതുമാകുന്നു;

(ഇ) "യാത്രക്കാർക്കുള്ള സൗകര്യങ്ങളിൽ" കാത്തിരിപ്പിനുള്ള മുറി, ശൗചാലയം, കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ, പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്;

(എഫ്) ''പെൻഷൻ'' എന്നാൽ കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം അങ്ങനെയുള്ള ജീവനക്കാർക്ക് ലഭിക്കാൻ അർഹതയുള്ള പെൻഷൻ എന്നർത്ഥമാകുന്നു;

(ജി) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) "പട്ടിക" എന്നാൽ ഈ ആക്റ്റിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(ഐ) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഒരു പദ്ധതി എന്നർത്ഥമാകുന്നു;

(ജെ) "സാമൂഹ്യ സുരക്ഷ" എന്നതിൽ കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് പെൻഷൻ നൽകുന്നത് ഉൾപ്പെടുന്നതാകുന്നു.

3. പദ്ധതികൾ ഉണ്ടാക്കുന്നതിനുള്ള കോർപ്പറേഷന്റെ അധികാരം.—(1) കോർപ്പറേഷന്, അതിന്റെ യാത്രക്കാർക്കുവേണ്ടി യാത്രാക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷ, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങൾ എന്നിവയും കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് സാമൂഹ്യ സുരക്ഷാ നടപടികളും ഏർപ്പെടുത്തുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി, പദ്ധതികൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി,-

(എ) കോർപ്പറേഷന്, വ്യക്തിപര അപകട സമൂഹ ഇൻഷൻസ് പരിരക്ഷയ്ക്കു വേണ്ടിയുള്ള ഒരു പദ്ധതിയിൽ,—

(i) സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, ഒരു ഇന്ത്യൻ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് യാത്രക്കാർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്കുവേണ്ടിയുള്ള ക്രമീകരണങ്ങൾക്കുവേണ്ടിയും;

(ii) ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധി നിശ്ചയിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി യാത്രക്കാരെ തരം തിരിക്കുന്നതിനും;

(iii) ഇൻഷ്വറൻസ് തുക നൽകുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും;

(iv) പരിക്കുകളുടെ സ്വഭാവത്തിനനുസൃതമായും മരണം സംഭവിക്കുന്ന സംഗതിയിലും, അതതുസംഗതിപോലെ, ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള യാത്രാക്കാരന്റെയും അനന്തരാവകാശിയുടെയും അർഹതയും;

(v) യാത്രക്കാരെ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കലും തുക നൽകലും സംബന്ധിച്ച നടപടിക്രമങ്ങളും;

(vi) പദ്ധതിയിൻകീഴിലുള്ള ഏത് തർക്കവും പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിനും;

(vii) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ അങ്ങനെയുള്ള മറ്റ് കാര്യങ്ങൾക്കും;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(ബി) മെച്ചപ്പെട്ട യാതാ സൗകര്യങ്ങൾക്കു വേണ്ടിയുള്ള ഒരു പദ്ധതിയിൽ, കോർപ്പറേഷന്,—

(i) യാത്രക്കാർക്ക് ലഭ്യമാക്കാവുന്ന യാത്രാസൗകര്യങ്ങൾ നിർദ്ദേശിക്കാവുന്നതാണ്;

(ii) യാത്രക്കാർക്കുള്ള സൗകര്യങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനും വ്യവസ്ഥ ചെയ്യാവുന്നതാണ്;

(iii) യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി ഏത് സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്;

(സി) ജീവനക്കാർക്കുവേണ്ടിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ, കോർപ്പറേഷന്,—

(i) കോർപ്പറേഷന്റെ സേവനത്തിൽ നിന്ന് വിരമിച്ചതോ വിരമിക്കുന്നതോ ആയ അതിന്റെ ജീവനക്കാർക്ക്, ഈ ആവശ്യത്തിനുള്ള ചെലവ് കോർപ്പറേഷന് മറ്റു വിധത്തിൽ വഹിക്കാൻ കഴിയാതെവരുന്ന സംഗതിയിൽ, പെൻഷൻ നൽകുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്;

(ii) പെൻഷൻ നൽകുന്നതിലേക്കായി ഏതെങ്കിലും തുക ക്രമപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്;

(iii) നിധിയിലേക്ക് വരവ് വച്ച തുക, കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ അതിന്റെ ജീവനക്കാരുടെ നേട്ടത്തിനായി, താൽക്കാലികമായി ക്രമപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ പദ്ധതിയും അത് ഗസറ്റിൽ പ്രസിദ്ധീകരിച്ചാലുടൻ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "ഇന്ത്യൻ ഇൻഷ്വറൻസ് കമ്പനി" എന്ന പദപ്രയോഗത്തിന് 1938-ലെ ഇൻഷ്വറൻസ് ആക്റ്റിലെ (1938-ലെ 4-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (7എ) ഖണ്ഡത്തിൽ ആ പദപ്രയോഗത്തിനു നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

4. യാത്രാടിക്കറ്റിന്മേൽ സെസ്സ് ചുമത്തലും പിരിച്ചെടുക്കലും.—(1) ഈ ആക്റ്റ് പ്രകാരമുള്ള പദ്ധതികളുടെ ആവശ്യങ്ങളിലേക്കായി, കോർപ്പറേഷന്റെ യാത്രാടിക്കറ്റുകളിന്മൽ, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിൽ, ഒരു സെസ്സ് ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

(2) കോർപ്പറേഷൻ നടത്തുന്ന സ്റ്റേജ് കാര്യേജ് ബസ്സുകളിൽ യാത്ര ചെയ്യുന്ന ഓരോ ആളും, അയാൾക്ക് യാത്രാടിക്കറ്റ് നൽകിയാലുടൻ, യാത്രക്കൂലിയോടൊപ്പം (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സെസ്സ് നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന ടിക്കറ്റുകളിൽ സെസ്സ് തുക ഉൾക്കൊള്ളേണ്ടതും ആയത് ടിക്കറ്റിൽ പ്രത്യേകമായി കാണിക്കേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള സെസ്സ്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന്റെ കീഴിൽ റോഡിന്മേലോ യാത്രക്കാരിലോ വാഹനങ്ങളിന്മേലോ ചുമത്താവുന്ന ഏതെങ്കിലും സെസ്സിനോ തീരുവയ്ക്കോ നികുതിക്കോ പുറമെയായിരിക്കുന്നതാണ്.

(5) (2)-ാം ഉപവകുപ്പ് പ്രകാരം പിരിച്ചെടുത്ത സെസ്സ് തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആദ്യം സംസ്ഥാന സഞ്ചിതനിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

(6) പിരിച്ചെടുത്ത സെസ്സ് തുക ഓരോ മൂന്ന് മാസം കൂടുമ്പോഴും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, കോർപ്പറേഷന്റെ നിധിയിലേക്ക് സർക്കാർ നൽകേണ്ടതാണ്.

(7) (6)-ാം ഉപവകുപ്പ് പ്രകാരം കോർപ്പറേഷന് സർക്കാർ നൽകുന്ന തുക നിധിയിലേക്ക് വരവുവയ്ക്കേണ്ടതും ഒരു പ്രത്യേക അക്കൗണ്ട് ശീർഷകത്തിൻകീഴിൽ സൂക്ഷിക്കേണ്ടതുമാണ്.

5. യാത്രക്കാരുടെ അവകാശങ്ങൾ.—(1) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള പദ്ധതിപ്രകാരമുള്ള, യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ യാത്രക്കാരനും അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരു യാത്രക്കാരനും പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെ ഒരു പരാതി സമർപ്പിക്കാവുന്നതാണ്.

(3) പദ്ധതിയിൻ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരു യാത്രക്കാരനും ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ അറുപത് ദിവസത്തിനകം സർക്കാർ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

6. പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, നിയമസഭ സമ്മേളനത്തിലല്ലാത്ത സന്ദർഭത്തിൽ, പൊതുതാൽപ്പര്യാർത്ഥമോ കോർപ്പറേഷന്റെ ശിപാർശയിന്മേലോ, ഗസറ്റ് വിജ്ഞാപനംവഴി, പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള സെസ്സ് നിരക്ക് വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള ആവശ്യത്തിനായി പട്ടിക ഭേദഗതി ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട്, നിയമസഭ മുമ്പാകെ അതിന്റെ തൊട്ടടുത്ത സമ്മേളനത്തിൽ വയ്ക്കേണ്ടതും നിയമസഭയുടെ അങ്ങനെയുള്ള സമ്മേളനകാലത്ത് അങ്ങനെയുള്ള ഓരോ വിജ്ഞാപനത്തിനും പകരമായി സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിനു പകരം (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാത്തപക്ഷം ആ വിജ്ഞാപനം അങ്ങനെയുള്ള സമ്മേളനം അവസാനിക്കുന്നതോടെ പ്രാബല്യത്തിലില്ലാതായതായി കരുതപ്പെടുന്നതാണ്.

7. സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും നിർത്തലാക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമുള്ള അധികാരം.—(1) സർക്കാരിന്, പൊതുതാല്പര്യാർത്ഥമോ കോർപ്പറേഷന്റെ ശിപാർശയിന്മേലോ, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവു മുഖേന, ഏത് സമയത്തും, ഈ ആക്റ്റ് പ്രകാരമുള്ള സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും നിർത്തിവയ്ക്കാവുന്നതും അതേ രീതിയിൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെയുള്ള സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും പുനഃസ്ഥാപിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും നിർത്തലാക്കുന്ന സംഗതിയിൽ, കോർപ്പറേഷന്, ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും അല്ലെങ്കിൽ എല്ലാ പദ്ധതികളും നിർത്തലാക്കുകയോ തുടരുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പദ്ധതി കോർപ്പറേഷൻ നിർത്തലാക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള പദ്ധതിയിൻ കീഴിലുള്ള എല്ലാ അവകാശവാദങ്ങളും അങ്ങനെയുള്ള പദ്ധതി നിർത്തലാക്കിയാലുടൻ അത് തീർപ്പാക്കിയിരിക്കേണ്ടതാണ്.

8. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഒരു പദ്ധതിപ്രകാരമോ അധികാരപ്പെടുത്തപ്പെട്ടതോ നിയമിക്കപ്പെട്ടതോ ആയ ഏതെങ്കിലും അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ ഒത്തുതീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ തർക്കമോ ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

10. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ഓർഡിനൻസ് (2014-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

[4(1) വകുപ്പ് കാണുക]

| *ക്രമ നമ്പർ* | *ടിക്കറ്റ് നിരക്ക് പ്രകാരമുള്ള സ്ലാബ്* | *സെസ്സ് തുക (രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | 14 രൂപ വരെ | ഇല്ല |
| 2 | 15 രൂപ മുതൽ 24 രൂപ വരെ | ഒന്ന് |
| 3 | 25 രൂപ മുതൽ 49 രൂപ വരെ | രണ്ട് |
| 4 | 50 രൂപ മുതൽ 74 രൂപ വരെ | മൂന്ന് |
| 5 | 75 രൂപ മുതൽ 99 രൂപ വരെ | നാല് |
| 6 | 100 രൂപയും അതിനു മുകളിലും | പത്ത് |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിന്റെ പൊതുഗതാഗത മേഖലയിലെ ഏക ആശ്രയമായ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.) നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. കോർപ്പറേഷന്റെ പുനരുജ്ജീവനത്തിനായുള്ള ഒരു പാക്കേജിന് സർക്കാർ ഭരണാനുമതി നൽകി നടപ്പാക്കിവരികയാണ്. എങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം ഫണ്ട് ഉപയോഗിച്ച് യാത്രക്കാർക്ക് കൂടുതൽ അടിസ്ഥാനസൗകര്യങ്ങളും യാത്രക്കാരുടെ സുരക്ഷയ്ക്കായി ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കെ.എസ്.ആർ.ടി.സി. നടത്തുന്ന സ്റ്റേറ്റ് കാര്യേജ് ബസുകളിലെ യാത്രക്കാർക്ക് വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും യാത്രക്കാർക്ക് വ്യക്തിപരസൗകര്യങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്കുകൂടി സാമൂഹ്യ സുരക്ഷാ നടപടികൾ വ്യാപിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്രാടിക്കറ്റുകളിൻമേൽ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചു.

2. കഴിയാവുന്നത്ര സാമ്പത്തിക സഹായം സർക്കാർ നൽകി വരുന്നുണ്ടെങ്കിലും, കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്നും പൂർണ്ണമായി കരകയറ്റാൻ കഴിഞ്ഞിട്ടില്ല. വർദ്ധിച്ചുവരുന്ന പെൻഷൻ ബാധ്യത കൊടുത്തുതീർക്കുക എന്നതാണ് കോർപ്പറേഷന്റെ സാമ്പത്തിക പ്രയാസങ്ങളുമായി ബന്ധപ്പെട്ട പ്രധാന വിഷയം. ഈ ആവശ്യത്തിനുള്ള ചെലവ് മറ്റു സ്രോതസ്സുകളിൽ നിന്നും പലപ്പോഴും കണ്ടെത്താൻ കോർപ്പറേഷന് കഴിയുന്നില്ല. കൂടാതെ, പെൻഷൻ കുടിശ്ശികയാകുന്നതിന്റെ പശ്ചാത്തലത്തിൽ വിവിധ കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും തികച്ചും പ്രതികൂലമായ വിധികളും പരാമർശങ്ങളും ഉണ്ടാവുകയും ചെയ്യുന്നു. ആയതിനാൽ പെൻഷൻ ബാധ്യതമൂലമുള്ള സാമ്പത്തിക പ്രശ്നത്തെ അഭിമുഖീകരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നതോടൊപ്പം യാത്രക്കാരുടെയും ജീവനക്കാരുടെയും സൗകര്യങ്ങളും പരിരക്ഷയും ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റുകളിൻമേൽ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിൻമേലുള്ള സെസ്സ്) ഓർഡിനൻസ് 2014 ഒക്ടോബർ 16-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2014-ലെ 25-ാം നമ്പർ ഓർഡിനൻസായി 2014 ഒക്ടോബർ 16-ാം തീയതിയിലെ 2478-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

പതിനഞ്ച് രൂപയും അതിൽ കൂടുതലും നിരക്കിലുള്ള യാത്രാ ടിക്കറ്റുകളിൻമേൽ ഒരു രൂപ മുതൽ ക്രമാനുഗതമായ വർദ്ധനവോടെ സെസ്സ് ഏർപ്പെടുത്തുവാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിലൂടെ പ്രതിവർഷം ഏകദേശം 160 കോടി രൂപ സ്വരൂപിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. സെസ്സ് ഇനത്തിൽ ശേഖരിക്കുന്ന തുക ആദ്യം സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് വരവ് വയ്ക്കുവാനും ഇപ്രകാരം വരവു വയ്ക്കുന്ന തുക പിന്നീട് ഓരോ മൂന്നുമാസം കൂടുമ്പോഴും സഞ്ചിതനിധിയിൽ നിന്നും കോർപ്പറേഷന്റെ ഫണ്ടിലേക്ക് സർക്കാർ നൽകേണ്ടതാണെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. അങ്ങനെ നൽകേണ്ടുന്ന തുക സെസ്സ് ഇനത്തിൽ ലഭിക്കുന്ന തുകയ്ക്ക് അനുസരിച്ച് ആവർത്തക ചെലവ് എന്ന നിലയിൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധി യിൽനിന്നും നൽകേണ്ടിവരുന്നതാണ്. ബില്ലിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ ഇപ്പോൾ കണക്കാക്കാൻ കഴിയുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

കോർപ്പറേഷന്, അതിന്റെ യാത്രക്കാർക്കുവേണ്ടി വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പരിരക്ഷ, മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങൾ എന്നിവയും കോർപ്പറേഷന്റെ സേവനത്തിൽ നിന്നും വിരമിച്ചതോ വിരമിക്കുന്നതോ ആയ ജീവനക്കാർക്ക് സാമൂഹ്യ സുരക്ഷാ നടപടികളും ഏർപ്പെടുത്തുന്നതിനായി ഗസറ്റ് വിജ്ഞാപനംവഴി പദ്ധതികൾ ഉണ്ടാക്കുന്നതിന് കോർപ്പറേഷനെ അധികാരപ്പെടുത്തുവാൻ ബില്ലിന്റെ 3-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

2. 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പിരിച്ചെടുക്കുന്ന സെസ്സ് തുക സംസ്ഥാന സഞ്ചിതനിധിയിലേക്ക് വരവ് വയ്ക്കുന്നത് സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

3. പിരിച്ചെടുത്ത സെസ്സ് തുക കോർപ്പറേഷന്റെ നിധിയിലേക്ക് സർക്കാർ നൽകേണ്ടുന്ന രീതി സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാര പ്പെടുത്തുവാൻ ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

4. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്ത കാലയളവിൽ, പൊതു താല്പര്യാർത്ഥമോ കോർപ്പറേഷന്റെ ശിപാർശയിന്മേലോ, ഗസറ്റ് വിജ്ഞാപനംവഴി, സെസ്സിന്റെ നിരക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനായി ആക്റ്റിന്റെ പട്ടിക ഭേദഗതി ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

5. പൊതുതാല്പര്യാർത്ഥമോ കോർപ്പറേഷന്റെ ശിപാർശയിന്മേലോ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവു മുഖേന ഏത് സമയത്തും സെസ്സ് ചുമത്തുന്നതും പിരിച്ചെടുക്കുന്നതും നിർത്തലാക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിന്റെ 7-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

6. ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിന്റെ 9-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

7. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളോ പദ്ധതികളോ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയശേഷവും, ആക്റ്റിന്റെ പട്ടിക ഭേദഗതി ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചശേഷവും അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരങ്ങൾ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

തിരുവഞ്ചൂർ രാധാകൃഷ്ണൻ.